**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **14-09-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഭരണ നിർവ്വഹണത്തിന് അനിവാര്യമായ പുതിയ സങ്കേതികവിദ്യയിലധിഷ്ഠിതമായ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് പൂർണ്ണ സജ്ജമായിട്ടുണ്ടോ; | (എ) | ജി.എസ്.ടി. നികുതി ഭരണ നിർവഹണത്തിനുവേണ്ട ജി.എസ്.ടി.എൻ. ബാക്ക് ഓഫീസ് സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് വകുപ്പ് 2022 മാർച്ച് മാസം മൈഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ജി.എസ്.ടി. ഇതര നികുതി സേവനങ്ങൾ നൽകുന്നത് KVATIS സോഫ്റ്റ്‌വെയർ വഴിയാണ്. ഇവ കൂടാതെ വകുപ്പ് പുന:സംഘടനക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് വേണ്ടിയും ജി.എസ്.ടി. ഇതര നികുതി സേവനങ്ങൾ നൽകുന്നതിന് വേണ്ടിയും ഉള്ള പുതിയ സാങ്കേതികവിദ്യയിലധിഷ്ഠിതമായ സോഫ്റ്റ്‌വെയർ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് വികസിപ്പിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം അവസാനത്തോടുകൂടി സോഫ്റ്റ്‌വെയർ പൂർണ്ണമായും സജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സോഫ്റ്റ് വെയറായ AIMS ന്റെ നവീകരണം പൂർത്തിയായോ? | (ബി) | കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സോഫ്റ്റ്‌വെയറായ AIMS ന്റെ നവീകരണം പൂർത്തിയായിട്ടില്ല. AIMS-ൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ ഓഡിറ്റ് ഹെഡ്, പ്രീ ഓഡിറ്റ്, ഓഡിറ്റ് എക്സിക്യൂഷൻ, പോസ്റ്റ് ഓഡിറ്റ്, AFS സബ്മിഷൻ, Integration of Audit data എന്നിവ ഉൾപ്പെടുത്തി പുതിയ വേർഷൻ 5.0 വികസിപ്പിച്ചിട്ടുണ്ട്. MoPR നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് മൊഡ്യൂളും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ